# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 50 — 26.09.2011 ൽ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ചികിത്സാ സഹായം വിതരണത്തിന് തയ്യാറായാൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കാനുള്ള ഉത്തരവാദിത്വം ഏത് ഉദ്യോഗസ്ഥനാണെന്ന് വ്യക്തമാക്കുമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ചികിത്സാ സഹായം വിതരണത്തിന് തയ്യാറായാൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കാനുള്ള ഉത്തരവാദിത്വം തഹസിൽദാർക്കാണ്. |
| (ബി) പ്രസ്തുത വിവരം അറിയിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാറുണ്ടോ; | (ബി) | ജില്ലാ കളക്ടർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും, ഗുണഭോക്താവിന്റെ പേരെടുത്ത് പറഞ്ഞ് സർക്കാർ അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ഹോസ്ദുർഗ്ഗ് താലൂക്കിൽ എത്ര അപേക്ഷകർക്ക് അനുവദിച്ച തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ; അനുവദിച്ച സഹായം അപേക്ഷകർക്ക് എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | 244 പേർക്ക്. പ്രസ്തുത തുക രണ്ടാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ